LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013 ഒക്ടോബർ 2-ാം തീയതി മുതലാണ് 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കിയത്.

(ബി) ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾക്ക് പുറമെയുള്ള എല്ലാവിധ അസുഖങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതാണ്. ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി എല്ലാവിധ സർക്കാരാശുപത്രികൾ മുഖേനയും ആരോഗ്യകിരണം പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 6956518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ച് ലക്ഷം രൂപയുടെ) ചികിത്സാ സഹായം ആരോഗ്യകിരണം പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്.

മാനസികാരോഗ്യ പദ്ധതി

100 (2568) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല എന്നാൽ സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിനുവേണ്ടി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ (അ) 92/2000 /ആ.കു.വ. തീയതി 13-4-2000 പ്രകാരം ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാകുന്നു. സ.ഉ. (അച്ചടി) നമ്പർ 206/2013/ആ. കു. വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ മാനസികാരോഗ്യ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

(സി) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-ന്റെ 79-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി ജി.ഒ (ആർ‌റ്റി.) നമ്പർ 2556/2015/എച്ച് ആന്റ് എഫ്. ഡബ്ല്യു.ഡി. തീയതി 6-8-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കാൻസർ ഡിറ്റക്ഷൻ സെന്റർ

101(2569) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കാൻസർ ഡിറ്റക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/242/2020-24

LIBRARY ARCHIVES Kerala Legislative Assembly